**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2302. 13.02.2013 ൽ മറുപടിയ്ക്ക്

കെ.എസ്.ആർ.ടി.സി. ബസ് യാത്രാനിരക്കിലുള്ള വർദ്ധന

| ചോദ്യം<br>ശ്രീ. എളമരം കരീം | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ. ടി.സി. ബസ് യാത്രാനിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) യാത്രാനിരക്ക് വർദ്ധനവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 06/08/2011 ലെ G.O.(P).No.45/2011/ഗതാഗതം, 12.08.2011-ലെ G.O.(P).No.49/2011/ഗതാഗതം എന്നീ വിജ്ഞാപനങ്ങൾ പ്രകാരം ഓർഡിനറി /മൊഫ്യൂസൽ സർവ്വീസ്, ഫാസ്റ്റ് പാസഞ്ചർ / ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് എന്നിവയുടെ യാത്രാനിരക്കുകൾ വർദ്ധിപ്പിച്ചുകൊണ്ടും സൂപ്പർഫാസ്റ്റിന്റെ നിലവിലുണ്ടായിരുന്ന മിനിമം ചാർജ്ജായ 10 രൂപയ്ക്ക് 10 കി.മീ.ന്റെ ഒരു ഫെയർസ്റ്റേജും നിർണ്ണയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിനുശേഷം 09/11/2012 ലെ G.O.(P) No.65/2012/ഗതാഗതം എന്ന വിജ്ഞാപന പ്രകാരം എല്ലാത്തരം സർവ്വീസുകളുടേയും ബസ്സ് ചാർജ്ജ് വർദ്ധിപ്പിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകൾ പ്രകാരം നിലവിൽ വന്ന യാത്രാനിരക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) യാത്രാ നിരക്ക് വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കുമോ ? | (സി) | പെട്രോൾ, ഡീസൽ വിലയിലുണ്ടായ വർദ്ധനവ്, മറ്റ് പ്രവർത്തന ചെലവുകളിലുണ്ടായ വർദ്ധനവ് തുടങ്ങിയവ സംബന്ധിച്ച് നാറ്റ്പാക്ക് സമർപ്പിച്ച PISCO റിപ്പോർട്ടിന്റേയും, വിവിധ ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷനുകൾ, പൊതുജനങ്ങൾ, വിദ്യാർത്ഥി സംഘടനകൾ, മറ്റ് സന്നദ്ധ സംഘടനകൾ, വിവിധ ട്രേഡ് യൂണിയനുകൾ തുടങ്ങിയവരുമായി നടത്തിയ |

| | | |
|---|---|---|
| | | ചർച്ചകളുടേയും അടിസ്ഥാനത്തിൽ ഫെയർ റിവിഷൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിഗണിക്കുകയും ഈ മേഖലയിലെ വിവിധ സംഘടനകളുമായും വിദ്യാർത്ഥി സംഘടനകളുമായും നടത്തിയ ചർച്ചകളുടെയും അടിസ്ഥാനത്തിലാണ് ബസ്സ് ചാർജ്ജ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. |

സെക്ഷൻ ഓഫീസർ.

<u>അനുബന്ധം</u>

| ഇനം | 06/08/2011 തീയതിയിലെ G.O. (P) No.45/2011/Tran പ്രകാരമുള്ള നിരക്കുകൾ | | 09/11/2012 തീയതിയിലെ G.O. (P) No.65/2012/Tran പ്രകാരമുള്ള നിരക്കുകൾ | |
|---|---|---|---|---|
| | മിനിമം ചാർജ്ജ് (രൂപ) | കി.മീ. നിരക്ക് (പൈസ/കി.മീ). | മിനിമം ചാർജ്ജ് (രൂപ) | കി.മീ. നിരക്ക് (പൈസ/കി.മീ). |
| ഓർഡിനറി /മൊഫ്യൂസൽ സർവ്വീസുകൾ | 5 | 55 | 6 | 58 |
| ഫാസ്റ്റ് പാസഞ്ചർ / ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ /സിറ്റി ഫാസ്റ്റ് | 7 | 57 | 8 | 62 |
| സൂപ്പർ ഫാസ്റ്റ് | 10 | 60 | 12 | 65 |
| സൂപ്പർ എക്സ്പ്രസ് | | | 17 | 70 |
| സൂപ്പർ ഡീലക്സ് /സെമി സ്ലീപ്പർ സർവ്വീസുകൾ | | | 25 | 80 |
| ലക്ഷ്വറി/ഹൈടെക്/ എയർകണ്ടീഷൻഡ് സർവ്വീസുകൾ | | | 35 | 100 |
| വോൾവോ | | | 35 | 120 |

സെക്ഷൻ ഓഫീസർ.